
ശ്രീനാരായണ ഗുരുകുലം ഹയർ -

സെക്കന്ററി സ്കൂൾ

# ചെമ്പഴന്തി



ഡിജിറ്റൽ മാഗസിൻ - 2020

# അറിവ്

# ആമുഖം

ശ്രീനാരായണഗുരുകുലം ഹയർ സെക്കന്ററി സ്കൂൾ
സെക്കന്ററി സ്കൂളിലെ little kites യൂണിറ്റിലെ കുട്ടികൾ
അവതരിപ്പിക്കുന്ന ഡിജിറ്റൽ മാഗസിൻ അറിവ്
നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു



ഉള്ളടക്കം

എന്റെ ജീവൻ കവർന്ന വേനൽ [കഥ ]

തെരുവോരത്ത് എരിഞ്ഞ് തീർന്ന മാതൃത്വം[ക

എന്റെ വിദ്യാല [കവിത]

# <u>കാത്തിരിപ്പ്</u>

കാത്തിരിക്കുന്നു ഞാൻ കാത്തിരിക്കുന്നു
അമ്മതൻ സ്നേഹത്തിനായ് കാത്തിരിക്കുന്നു
ഓർത്തു പോകുന്നു ഞാൻ ഓർത്തുപോകുന്നു

അമ്മതൻ വാത്സല്യ വാക്യങ്ങൾ
അമ്മതൻ മടിയിൽ തലചായ്ച്ചുറങ്ങുമ്പോൾ
അമ്മയെൻ കൈകളെ ചേർത്തുപിടിച്ചിരുന്നു

ഭൂമിയാണ് അമ്മയൻ
സ്നേഹമാണ് അമ്മയൻ

ദൈവമാണ് അമ്മയൻ ഉള്ളിലെന്നും

കനിയണെ ദൈവമെ ഒരു ജൻമം കൂടിയെൻ

അമ്മതൻ  മകളായ്  പിറന്നീടുവാൻ

കാത്തിരിക്കുന്നു ഞാൻ കാത്തിരിക്കുന്നു

അമ്മതൻ സ്നേഹത്തിനായ് കാത്തിരിക്കുന്നു.

അമൃത.കെ.പി

8B

# എന്റെ ജിവൻ കവർന്ന വേനൽ

പച്ചപരവതാനിയിലെ ഒരു

നിറകൊട്ടരമൊയിരുന്നു ഞാൻ .

അതിനെ അലങ്കരിക്കുന്നതും എന്റെ

ജിവനുമായിരുന്നു എന്റെ പച്ചപ്പുനിറഞ്ഞ ഇലകൾ

അകാശത്തിന്റെ മകനായിയാണ് ഞാൻ നില

കൊണ്ടിരുന്നത്.എന്റെ ചില്ലകൾക്കിടയിലൂടെ

ആതി രാവിലെ നീലാകാശത്ത് സിന്ദൂരം പൂശി

സുര്യൻ എത്തുന്നു.അതിലൂടെ എന്റെ ശോഭ

വർണിക്കുന്നു.കിളികളുടെ മന്ത്രനാദം എന്റെ

കാതിന് ഒരു കുളിർമായിരുന്നു.രാത്രിയിലും

പകലും അനേകം ജിവജാങ്ങൾ എന്നിൽ അഭയം

തേടുന്നു.രാത്രിയിൽ പൂർണചന്ദ്രൻ നിറഞ്ഞു നിൽക്കുന്നു.നിലാവിൽ കുളിച്ചു നിലൽക്കുന്ന ചന്ദ്രനെ അലങ്കരിക്കുന്ന നക്ഷത്രങ്ങൾ എല്ലാം ഞാൻ വളരെയധികം അസ്വദിച്ചു. പക്ഷേ ഇന്ന് എന്നിൽ നിന്ന് എല്ലാംഒരുപാട് അകറ്റി എന്നിൽ ഒരു രോഗം പിടിപെട്ടു.സൂര്യൻ എനിക്ക് വേനൽ ക്കാലത്തുതന്ന സമ്മാനം. എന്റെ നിറക്കൊട്ടാരത്തിന്റെ അലങ്കാരവും എന്റെ ജിവനം ആയ ഇലകൾ എന്നെ വിട്ട്  പിരിഞ്ഞു പോയി. ഞാൻ ഇന്ന് ജിവിക്കുന്നത് ജിവശവമായാണ്. കിളികളും രാത്രിയിൽ നക്ഷത്രങ്ങളും പൂർണചന്ദ്രനും ഒക്കെ വരും.ഒന്നിനേയും എനിക്ക് പക്ഷേ

അസ്വദിക്കാൻ പറ്റുന്നില്ല. എന്റെ ജിവൻ തന്നെ കവർന്നു കത്തിജ്വലിക്കുന്ന സൂര്യൻ. എന്നിൽ അരും അഭയം തേടുന്നില്ല. നിറം മങ്ങിയ കൊട്ടാരമാണ്  ഞാൻ ഇപ്പോൾ.എന്റെ അടുക്കൽ എന്നാൽ എല്ലാംവരും എന്നെ അസ്വദിക്കാൻ ,

കിളികളും അകാശവും എന്റെ അലങ്കാരമായ ഇലക്കളും എന്നിൽ തിരികെയെത്തും എന്ന് ഞാൻ വിശ്വസിക്കുന്നു

## മഹത് വചനം

"അവസരങ്ങളാണ് ആളുകളെ ഭരിക്കുന്നത് അല്ലാതെ ,ആളുകൾ അവസരങ്ങളെയല്ല.''

-ഹെറോഡോട്ടസ്

"നാം ആരാണെന്ന് നമ്മുക്കറിയാമെങ്കിലും ആരായേക്കുമെന്ന് അറിയുകയില്ല.''

-ഷേയ്ക്സ്പിയർ

"പരിശ്രമത്തിലാണ് സംത്രുപ്തി
പൂർണ പരിശ്രമമെന്നാൽ
പൂർണ ജയമെന്നാണ്"

-മഹാത്മാഗന്ധി

"എനിക്കു സാധിക്കുമെന്നു ചിന്തിക്കുന്നവന് എന്തും സാധ്യം"

-ശ്രീ ബുദ്ധൻ

"കാരുണ്യം വീട്ടിൽ തുടങ്ങുന്നു പക്ഷ,അതവിടെ അവസാനിക്കരുത്"

-പഴമൊഴി

"ഒരു കുട്ടി
ഒരു അദ്ധ്യാപകൻ
ഒരു പേന
ഇവ കൊണ്ട് ഒരു ലോകം തന്നെ മാറ്റി
മറിക്കാൻ കഴിയും ”

-മലാല

"ബുദ്ധി കൊണ്ട് പ്രബുദ്ധരാകുക”

-ശ്രീ നാരായണ

"ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം
നമ്മുടെ ഉറക്കം കളയുന്നതെന്താണോ
അതാണ് സ്വപ്നം”

-എ.പി.ജെ.അബ്ദുൾ കലാം

# എന്റെ വിദ്യാലയം

എൻ ഗുരുക്കോളളോത്തി തന്ന ഓരോ അക്ഷരവും
ചൊല്ലി പഠിച്ച ഞാനെൻ വിദ്യാലയത്തിൽ
അക്ഷരമാവുമെന്നമ്മയെ ചുംബിച്ചുണർന്ന
നാളുകൾ ഞാനോർത്തിരിപ്പൂ
സൗഹൃദത്താൽ വിദ്യാലയനാളുകൾ
തേൻകനിപോൽ മധുരിതമല്ലയോ
പുതുമണ്ണിൽ മണമാർന്ന എൻ
പുസ്തകതാളുകളിൽ മയിൽപ്പീലി
ഒളിപ്പിച്ചുവെച്ച ഞാനുമെൻ സഹപാഠികളും

പൂന്തോട്ടത്തിലെ ചെറുശലഭങ്ങൾ പോൽ
കളിച്ചുല്ലസിച്ചു നടന്നു ഞങ്ങൾ
അറിവും ആനന്ദവും സംമിശ്രിതമാകുമാൻ
വിദ്യാലയമൊരു പൊൻപ്രകൃതി
അറിവിൻ പുഷ്പങ്ങളെൻ അധ്യപകർ
സുഗന്ധംപരത്തീടും ഒരു നാളേക്കുവേണ്ടി
വിദ്യ അഭ്യസിച്ചിടും ഞങ്ങൾതൻ മനസിൽ
മാതാ,പിതാ,ഗുരു,ദൈവം എന്നുപഠിപ്പിച്ചതെൻ
ഗുരുക്കളല്ലയോ!

എൻ വിദ്യാലയമൊരു അറിവിൻ അക്ഷരലോകം.

വിദ്യാലയമൊരു പൊൻപ്രകൃതി
അറിവിൻ പുഷ്പങ്ങളെൻ അധ്യപകർ
സുഗന്ധംപരത്തീടും ഒരു നാളേക്കുവേണ്ടി
വിദ്യ അഭ്യസിച്ചിടും ഞങ്ങൾതൻ മനസിൽ
മാതാ,പിതാ,ഗുരു,ദൈവം എന്നുപഠിപ്പിച്ചതെൻ
ഗുരുക്കളല്ലയോ!

എൻ വിദ്യാലയമൊരു അറിവിൻ അക്ഷരലോകം.


THANKS